(1)	(2)	(3)	(4)	(5)
മംഗല്യസൂത്ര വായ്പ	-	4.00	4.00	4.00
കോഴി/താറാവ് മത്സ്യം വളർത്തുന്നതിനുള്ള വായ്പ	1 ലക്ഷം രൂപ വരെ 300 ദിവസ കാലാവധിക്ക്	10.00	10.00	10.00
ആട്/മാട് വളർത്തുന്നതിനുള്ള വായ്പ	3 ലക്ഷം രൂപ വരെ 3 വർഷ കാലാവധിയ്ക്ക്	10.00	10.00	10.00

സഹകരണസംഘങ്ങളിൽ ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം

13(2265) ശ്രീ. എം. എം. മോനായി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങളിൽ ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എത്ര സഹകരണ സ്ഥാപനങ്ങളിൽ ഇതിനകം ലൈബ്രറി ആരംഭിച്ചിട്ടുണ്ട് ;

(സി) സാഹിത്യ പ്രവർത്തക സഹകരണസംഘത്തിൽ നിന്നും എത്ര രൂപയ്ക്കുള്ള പുസ്തകങ്ങൾ ലൈബ്രറികളിലേക്ക് വാങ്ങി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ലൈബ്രറികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമായി ലൈബ്രറി കോൺഗ്രസ് മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) സഹകരണ ലൈബ്രറികൾ സംസ്ഥാന ലൈബ്രറി കൗൺസിലിനോട് അഫിലിയേറ്റു ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) സഹകരണ ലൈബ്രറികൾക്ക് സഹകരണ വകുപ്പ് ഗ്രാന്റ് നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ ലൈബ്രറികളുടെ പ്രവർത്തനം അതാതു ജില്ലകളിൽ ജോയിന്റ് രജിസ്ട്രാർമാർ വിലയിരുത്താറുണ്ട്. അതിനു പുറമേ 2009 ജൂൺ മാസം 11-ാം തീയതി എറണാകുളം ടൗൺ ഹാളിൽ വച്ചും 2010 ഡിസംബർ 4-ന് കോട്ടയത്ത് വച്ചും സംഘടിപ്പിച്ച സഹകരണ ലൈബ്രറി കോൺഗ്രസ് സഹകരണ സംഘങ്ങളിൽ ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ 2274 സഹകരണ ലൈബ്രറികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ നിന്നും 2,68,74,662 രൂപയുടെ പുസ്തകങ്ങൾ ലൈബ്രറികളിലേക്ക് വാങ്ങിയിട്ടുണ്ട്.

(ഡി) എല്ലാ ലൈബ്രറികളിലും ലൈബ്രേറിയന്റെ നിയമനം പ്രാവർത്തികമാക്കുക, ലൈബ്രറികളുടെ അഫിലിയേഷന്റെ നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തുക, സഹകരണ ലൈബ്രറികൾക്ക് കൃത്യമായ ബൈല ഉണ്ടായിരിക്കുക, പുസ്തകങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കുക, ചെറുപ്പക്കാരെ സഹകരണ സംഘങ്ങളിലേക്ക് ആകർഷിക്കാൻ സംവിധാനം ഉണ്ടാക്കണം. മൊബൈൽ ലൈബ്രറി സേവനം ഏർപ്പെടുത്തുക, സഹകരണ ലൈബ്രറികളിൽ വായനക്കാർക്ക് ഇരുന്ന് വായിക്കാൻ സൗകര്യം ഒരുക്കുക, പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്നതിന് കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തൽ, ലൈബ്രേറിയൻമാർക്ക് പരിശീലനം, പുസ്തകങ്ങൾ തരംതിരിച്ച് വയ്ക്കാനുള്ള സംവിധാനം ഒരുക്കൽ എന്നിവയാണ് ലൈബ്രറികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമായി ലൈബ്രറി കോൺഗ്രസ് മുന്നോട്ടുവച്ച പ്രധാന നിർദ്ദേശങ്ങൾ.

(ഇ) സഹകരണ ലൈബ്രറികൾ, ലൈബ്രറി കൗൺസിലിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അഫിലിയേറ്റ് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) സഹകരണ സംഘം ലൈബ്രറികൾക്ക് സഹകരണ വകുപ്പ് ഇപ്പോൾ ഗ്രാന്റ് നൽകുന്നില്ല.

സഹകരണമേഖലയിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം

14 (2266) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിലെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് അനുപാതത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly